മായ നടപടി സ്വീകരിക്കുന്നതിനും വേണ്ടിവന്ന, ഒഴിവാക്കാൻ സാധിക്കാത്ത കാലതാമസം മാത്രമേ നിയമന ശുപാർശ നൽകുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ.

(സി) ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

21 (24) പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്താത്തതെന്തുകൊണ്ടാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമിക്കപ്പെടുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചു;

(ഡി) ഇതിൽ ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി;

(ഇ) ഈ ലിസ്റ്റുകളിലോരോന്നിൽ നിന്നും എത്ര പേരെ വീതം നിയമിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96,954 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

22 (25) പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ചുള്ള സ്പെഷ്യൽ റൂൾസ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾസ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് പോലീസ് ഡയറക്ടർ ജനറൽ ടി1/87678/98 എന്ന നമ്പരിൽ സർക്കാരിന് ഒരു പ്രൊപ്പോസൽ 3.11.1998-ൽ നൽകിയിരുന്നുവോ;

(ബി) ഈ പ്രൊപ്പോസൽ പ്രകാരം ഒരു തീരുമാനമാകുന്നതുവരെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നിർത്തിവയ്ക്കണമെന്ന് ഡി.ജി.പി. നിർദ്ദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly